# സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷൻ

കൈപുസ്തകം 01




# 26.04.2023 ലെ
# സുപ്രീം കോടതി ബഫർ സോൺ വിധിയും
# കേരള പശ്ചിമഘട്ടത്തിലെ ജനങ്ങളും

(26.04.23 ലെ സുപ്രീം കോടതി വിധി പൂർണ്ണരൂപത്തിൽ)

ജനകീയ രാഷ്ട്രീയ സാമ്പത്തിക പരിസ്ഥിതി വിഷയങ്ങളിൽ സാമൂഹിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി പൊതുചർച്ചയ്ക്കായി പ്രസിദ്ധീകരിക്കുന്ന ഗവേഷണപ്രബന്ധം

**സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷൻ**
Regd. Office: ചാത്തങ്കോട്ടുനട P.O. കാവിലുംപാറ, വടകര, കോഴിക്കോട് 673513
Admn. Office: KP 6/399, വടക്കൻ ബിൽഡിംഗ്, മുണ്ടാങ്കൽ P.O. പാലാ 686574

# എന്തിനുവേണ്ടി
# സേവ് വെസ്റ്റേൺ ഗാട്ടസ് പീപ്പിൾ ഫൗണ്ടേഷൻ
# രൂപീകൃതമായി ?

**എവിടെ വനം കയ്യേറ്റം?**

കേരളത്തിന്റെ മൊത്തം ഭൂവിസ്തൃതിയായ 38863 ചതുരശ്ര കിലോമീറ്ററിൽ 21856 ചതുരശ്ര കിലോമീറ്റർ പശ്ചിമഘട്ടമാണ്. സംസ്ഥാന വനംവകുപ്പിന്റെ കണക്കിൽ സംസ്ഥാനത്തെ വനവിസ്തൃതി 11525 ചതുരശ്ര കിലോമീറ്ററാണെങ്കിൽ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന്റെ കണക്കിൽ കേരളത്തിലെ വനംവിസ്തൃതി 9679 ചതുരശ്ര കിലോമീറ്റർ മാത്രമാണ്. കേരളത്തിന്റെ വനാതിർത്തി 16846 കിലോമീറ്ററാണ്. കേരളത്തിലെ 51 നിയമസഭാ മണ്ഡലങ്ങളും 223 ഗ്രാമപഞ്ചായത്തുകളും വനാതിർത്തികൾ പങ്കിടുന്നു. കേരളത്തിലെ 25 വന്യജീവി സങ്കേതങ്ങളിലും നാഷണൽ പാർക്കുകളിലുമായി 3441.2 ചതുരശ്ര കിലോമീറ്റർ സംരക്ഷിത പ്രദേശങ്ങളുണ്ട്. 25 സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമായി 106 ഗ്രാമപഞ്ചായത്തുകളിലായി 3436142 ജനങ്ങൾ താമസിക്കുന്നു. 2022 ലെ കേരള ഫോറസ്റ്റ് സ്റ്റാറ്റിറ്റിക്സ് പ്രകാരം ആകെയുള്ള 11525 ചതുരശ്ര കിലോമീറ്റർ വനത്തിൽ 50.25 ചതുരശ്ര കിലോമീറ്റർ ആണ് കൈയ്യേറ്റം നടന്നിരിക്കുന്നതെന്ന് ആരോപിക്കപ്പെടുന്നു. ചുരുക്കത്തിൽ കേരളത്തിലെ പശ്ചിമഘട്ടത്തിലെ ജനങ്ങളൊക്കെ കേരളത്തിലെ നഗരങ്ങളിലെ അടക്കം മറ്റേത് പ്രദേശങ്ങളിലെയും പോലെ നിയമാനുസൃതം അവർക്കവകാശപ്പെട്ട ഭൂമിയിൽ താമസിച്ച് ഉപജീവനം നടത്തുന്നവരാണ്. അല്ലാതെ കൈയ്യേറ്റക്കാരല്ല.

**നഗരവാസി വന്യമൃഗവിദഗ്ദരെ, പരിസ്ഥിതി സ്നേഹികളെ, നിങ്ങളുടെ നഗരഭൂമികൾ പശ്ചിമഘട്ടത്തിലെ കർഷകർക്ക് കൈമാറ്റം ചെയ്ത് പശ്ചിമഘട്ടത്തിലെ ഭൂമി ആനക്ക് വിട്ടുകൊടുക്കൂ..**

സർക്കാർ വനത്തിലുള്ളതിനേക്കാൾ കൂടുതൽ മരങ്ങൾ കർഷകരുടെ കൃഷിമൂമിയിലുള്ള ഏക സംസ്ഥാനമാണ് കേരളം. നേരത്തെ വനവിസ്തൃതി (സർക്കാർ വനം) യായിരുന്നു പരിസ്ഥിതിസംരക്ഷണത്തിന്റെ അളവുകോലെങ്കിൽ 1998 മുതൽ വൃക്ഷാവരണം (Tree Cover) എന്ന വനാവരണം (Forest Cover) ആണ് പരിസ്ഥിതി അളവുകോൽ.

കേരളത്തിലെ വനവിസ്തൃതി 9679 ചതുരശ്രകിലോമീറ്ററാണെങ്കിൽ കർഷകരുടെ കൃഷിയിടങ്ങളിൽ കർഷകർ നട്ടുവളർത്തുന്ന മരങ്ങളുടെ വനാവരണം 11575 ചതുരശ്രകിലോമീറ്റർ ആണ്. ചുരുക്കത്തിൽ കേരളത്തിലെ മൊത്തം വനാവരണം 21254 ചതുരശ്ര കിലോമീറ്റർ ആണെങ്കിൽ അതിൽ സർക്കാർ വനത്തിന്റെ പങ്ക് 45.5% മാത്രമാണെങ്കിൽ കർഷകരുടെ ഭൂമിയിലെ വനാവരണം 54.5% ആണ്. സംസ്ഥാനത്തെ മൊത്തം വിസ്തൃതിയായ 38852 ചതുരശ്രകിലോമീറ്ററിൽ 21254 ചതുരശ്രകിലോമീറ്ററാണ് വൃക്ഷാവരണമെന്ന വനാവരണം. 54.70%. ദേശീയതലത്തിൽ

SWGPF

ഇത് 24.6% മാത്രമാണ്. 1988ലെ വനനയത്തിലൂടെ രാജ്യം നേടിയെടുക്കാൻ ആഗ്രഹിക്കുന്നത് 33% വനാവരണമാണ്. ഈ കണക്കുകൾ ഒരു കാര്യം സൂചിപ്പിക്കുന്നു. കേരളത്തിന്റെ പച്ചപ്പിനു കാരണം സംസ്ഥാന വനംവകുപ്പോ, നഗരങ്ങളിലെ മുന്തിയ ഫ്ളാറ്റുകളിൽ എ.സി മുറികളിൽ ഇരുന്നുകൊണ്ട് കോടതിവ്യവഹാരങ്ങളിലൂടെയും വിദേശ എൻ.ജി.ഒ ഫണ്ടിംഗിലൂടെയും പരിസ്ഥിതി സംരക്ഷണം നടത്തുന്ന കപട മൃഗസ്നേഹികളോ പരിസ്ഥിതി വാദികളോ അല്ല, മറിച്ച് തങ്ങളുടെ കൃഷിഭൂമിയിൽ യാതൊരു പ്രതിഫലവും കിട്ടാതെ മരങ്ങൾ നട്ടുവളർത്തുന്ന കർഷകർ തന്നെയാണ്. പശ്ചിമഘട്ടത്തിലെ ഒരേക്കർ കൃഷിഭൂമിയ്ക്ക് പതിനഞ്ച് ലക്ഷം കൊടുത്ത് കുടിയറക്കണമെന്നാവശ്യപ്പെടുന്ന ആനത്താര / കടുവാത്താര വിദഗ്ദരും നിയമവിദഗ്ദരും പരിസ്ഥിതി പ്രവർത്തകരും അവരടക്കമുള്ള അവരുടെ നഗരങ്ങളിലെ കിടപ്പാടങ്ങളും വൻ എസ്റ്റേറ്റുകളും വന്യജീവി സംരക്ഷണത്തിനും പരിസ്ഥിതി സംരക്ഷണത്തിനുമായി പശ്ചിമഘട്ടത്തിലെ കർഷകഭൂമിയുമായി ഏക്കറൊന്നിന് 15 ലക്ഷം വിലയിട്ട് വച്ചുമാറട്ടെ. എന്നിട്ടാകട്ടെ പരിസ്ഥിതി സംരക്ഷണം. നിങ്ങളൊക്കെ 26.04.2023 ലെ സുപ്രീംകോടതി വിധി വിശമായി പഠിക്കൂ. വനാതിർത്തികളിൽ താമസിക്കുന്ന കർഷകരുടെയും കേരളത്തിലെ സാധാരണക്കാരുടെയും പിന്തുണയില്ലാതെ ആർക്കും വനത്തെയോ വന്യജീവികളെയോ സംരക്ഷിക്കാനാവില്ല എന്ന് ദേശീയ വനനയം തന്നെ വ്യക്തമാക്കിയിട്ടും കപട പരിസ്ഥിതി വാദികൾക്കും സമ്പന്ന ഉന്നതാധികാര മൃഗസ്നേഹികൾക്കും അതൊന്നും മനസ്സിലാകുന്നില്ല.

## കപട വന്യമൃഗസ്നേഹിപരിസ്ഥിതി പ്രവർത്തകരുടെ ആഗോള അജണ്ടകൾ

വികസിത രാജ്യങ്ങൾ അവരുടെ രാജ്യങ്ങളിലെ വനങ്ങൾ നശിപ്പിക്കുകയും പരിസ്ഥിതി ദുർബല പ്രദേശങ്ങൾപോലും വികസനത്തിനായി ഉപയോഗിക്കുകയും കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്ന തെർമ്മൽ വൈദ്യുതി നിയന്ത്രണാതീതമായി ഉപയോഗിക്കുകയും ചെയ്ത് സ്വന്തം സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അതിന്റെ ഭാഗമായിട്ടുണ്ടാകുന്ന പരിസ്ഥിതി മലിനീകരണത്തിനും വനം നശിപ്പിക്കലിനും കാലാവസ്ഥാ വ്യതിയാനത്തിനും പ്രായശ്ചിത്തമെന്ന നിലയിൽ ഭാരതമടക്കമുള്ള രാജ്യങ്ങൾ വികസനം നടത്തരുതെന്നും കാടുകളുടെ വിസ്തൃതി വർദ്ധിപ്പിക്കണമെന്നും അതിനായി വന്യമൃഗസംരക്ഷണം മുന്നിൽ നിർത്തി വനവിസ്തൃതി വർദ്ധിപ്പിക്കുവാൻ ഗവേഷണങ്ങൾ നടത്തുവാൻ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ദശലക്ഷക്കണക്കിന് ഡോളറിന്റെ വിദേശ സാമ്പത്തിക സഹായം 1970 മുതൽ നൽകിപോരുന്നു. ഇത്തരം നിരവധി സംഘടനകൾ ഭാരതത്തിലും കേരളത്തിലും പ്രവർത്തിക്കുന്നു. ഇത്തരം വിദേശ സാമ്പത്തിക സഹായങ്ങൾ, ‘ഗവേഷണ സഹായം’ എന്ന നിലയിൽ വിവിധ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും എത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വിദേശ ശക്തികൾ ആഗ്രഹിക്കുന്ന തരത്തിലുള്ള വനവിസ്തൃതി വർദ്ധിപ്പിക്കൽ, വന്യമൃഗ സംരക്ഷണ പദ്ധതികൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള മുൻവിധികളോടു കൂടിയുള്ള ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കുന്നു. ഇത്തരം സ്വകാര്യ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളുടെ കൃഷിഭൂമിയിൽ പരിസ്ഥിതി അവ

SWCPF

കാശവാദങ്ങൾ ഉന്നയിക്കുന്നു. ജനപ്രതിനിധികളും ഭരണസംവിധാനങ്ങളും ചതിയറിയാതെ ഈ മുന്നേറ്റത്തിൽ പങ്കാളികളാകുന്നു. കേരത്തിൽ 1971 ലെ സ്വകാര്യ വനം ഏറ്റെടുക്കൽ നിയമം, 2000–ലെ പരിസ്ഥിതി ലോല പ്രദേശനിയമം സമാനമായ മറ്റ് നിരവധി നിയമങ്ങളും ഭൂമി ഉപയോഗ ത്തിൽ കർശന നിർദ്ദേശങ്ങളുമായി പശ്ചിമഘട്ടത്തിലെ ജനങ്ങളെ അവ രുടെ ആവാസ വ്യവസ്ഥയിൽനിന്നും കുടിയൊഴിപ്പിക്കാനുള്ള സംഘടിത നീക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

## രാഷ്ട്രീയപാർട്ടികൾ നിസ്സംഗരാകുന്നു. കർഷകസംഘനകൾ ഹൈജാക്ക് ചെയ്യപ്പെടുന്നു.

വിവിധ രാഷ്ട്രീയ പാർട്ടികൾ തമ്മിലടിച്ച് ജനപ്രതിനിധികളെ നിശ ബ്ദരാക്കുന്നു. പശ്ചിമഘട്ടത്തിലെ ജനങ്ങൾ ഇത്തരം സംഘടിത നിയമ വിരുദ്ധ നീക്കങ്ങളെ ഒറ്റക്കെട്ടായി നേരിടാനാകാതെ നോക്കിനിൽക്കുന്നു. രാഷ്ട്രീയപാർട്ടികൾ നിസഹായരും നിശബ്ദരുമായതോടെ കർഷകർ സ്വന്തമായി രൂപീകരിച്ച സ്വതന്ത്ര കർഷക സംഘടനകളെ സ്ഥാപിത താൽപ്പര്യക്കാർ ഹൈജാക്ക് ചെയ്ത് അവരുടെ വ്യക്തിപരമായ താത്പ ര്യങ്ങൾക്കായി ഉപയോഗിക്കുന്നു. 03.06.22 ലെ ബഫർസോൺ സംബ ന്ധിച്ച സുപ്രീംകോടതി വിധി പശ്ചിമഘട്ടത്തിലെ കർഷകരടക്കമുള്ള സാധാരണ ജനങ്ങൾക്ക് മാറിചിന്തിക്കാനുള്ള അവസരം നൽകി.

## കർഷകരക്ഷയ്ക്കായി സംഘടനകൾ ഒന്നിക്കുന്നു

1988 മുതൽ കേരളത്തിലെ പൊതുമണ്ഡലത്തിൽ ജനവിഷയ ങ്ങളിൽ നിയമപോരാട്ടം നടത്തുന്ന പ്രൊഫഷണൽ സംഘടനയാണ് സെന്റർ ഫോർ കൺസ്യൂമർ എജ്യൂക്കേഷൻ. പാലാ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടന നാളിതുവരെ കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വ്യത്യസ്ത വിഷയങ്ങളിലായി നാൽപ്പതിലധികം പൊതുതാത്പര്യ കേസുകൾ നടത്തി ജനതാത്പര്യം സംരക്ഷിച്ചിട്ടുണ്ട്. സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് ഗവേഷണ പഠനങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചതാണ് സെന്റർ ഫോർ കേരള സ്റ്റഡീസ്. കോഴിക്കോട്ടെയും വയനാട്ടിലെയും മലബാറിലെയും കർഷക പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാനായി രൂപീകരിച്ചതാണ് വി–ഫാം. ഐതിഹാസികമായ ഡൽഹി കർഷക സമരത്തിന് നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച രാജ്യത്തെ 182 സ്വതന്ത്ര കർഷക സംഘടനകളുടെ ഏകോപന സമിതിയാണ് രാഷ്ട്രീയ കിസാൻ മഹാസംഘ്. കേരളത്തിലെ രാഷ്ട്രീയ കിസാൻ മഹാ സംഘ് കേരളത്തിൽ പ്രവർത്തിക്കുന്ന 25 സ്വതന്ത്ര കർഷക സംഘടനക ളുടെ ഏകോപന സമിതിയാണ്.

## കർഷകരക്ഷയ്ക്കായി പഠന ഗവേഷണ നിയമ പോരാട്ട സംവിധാനം

മേൽ സംഘടനകളുടെ സംയുക്ത ആലോചന യോഗത്തിൽ വിദേശ ഫണ്ടിംഗിന്റെ സഹായത്തോടെ പശ്ചിമഘട്ടത്തിൽ നിന്നും കർഷ കരെ കുടിയിറക്കുന്നതിനായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വന്യ ജീവി സംരക്ഷണ വിഷയങ്ങളിൽ സ്പോൺസേർഡ് പ്രോഗ്രാമായി നട ക്കുന്ന നിരവധി നിക്ഷിപ്ത താത്പര്യ ഗവേഷണങ്ങളുടെ സത്യസ്ഥിതി

SWGPF

പുറത്തുകൊണ്ടുവരേണ്ടതും ബദൽ ഗവേഷണങ്ങൾ നടത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ജനങ്ങളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന സമരരംഗത്തായിരിക്കുന്ന സ്വതന്ത്ര കർഷക സംഘടനകൾക്കും കർഷക ആഭിമുഖ്യം കാണിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾക്കും വിഷയ സംബന്ധമായ പഠന ഗവേഷണങ്ങൾ നടത്തി വസ്തുനിഷ്ഠമായ പഠനറിപ്പോർട്ടുകൾ നൽകുന്നതിനായി ഒരു പഠന ഗവേഷണ കേന്ദ്രം ആരംഭിക്കണമെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കാവിലംപാറ ആസ്ഥാനമാക്കി 18.10.2022 ൽ രൂപീകരിച്ച പബ്ലിക് ട്രസ്റ്റാണ് സേവ് വെസ്റ്റേൺ ഗാട്ടസ് പീപ്പിൾ ഫൗണ്ടേഷൻ. കർഷക സൗഹൃദരായ നിരവധി അഭിഭാഷകരും പി.എച്ച്ഡിക്കാരും ഗവേഷകരും സാമൂഹ്യപ്രവർത്തകരും സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷനിൽ പ്രവർത്തിക്കുന്നു. സുപ്രീംകോടതിയിൽ ബഫർസോൺ വിഷയത്തിൽ സെന്റർ ഫോർ കൺസ്യൂമർ എജ്യൂക്കേഷനും സേവ് വെസ്റ്റേൺ ഗാട്ട്സ് പീപ്പിൾ ഫൗണ്ടേഷനും ഇടപെടൽ ഹർജികൾ ഫയൽ ചെയ്യുകയും കർഷകരുടെ വാദങ്ങൾ കോടതി മുമ്പാകെ അവതരിപ്പിക്കുകയും ചെയ്തിരുന്നു.

## സോഷ്യൽ മീഡിയ ആക്രമണങ്ങളെ വിദഗ്ദ പഠനറിപ്പോർട്ടുകൾ വച്ച് നേരിടണം

SWGPF

സോഷ്യൽ മീഡിയായുടെ വരവോടെ ഏതു വിഷയത്തെ സംബന്ധിച്ച വിവരങ്ങളും വിരൽത്തുമ്പിൽ ലഭ്യമാണെങ്കിലും അതാതു വിഷയങ്ങളിൽ ഗൗരവമായ പഠനം നടക്കുന്നില്ല. സത്യസ്ഥിതി മിക്കവർക്കും അറിയില്ല. കേട്ടറിവിന്റെ പുറത്താണ് ഭൂരിഭാഗം പേരും പ്രവർത്തിക്കുന്നത്. ജനകീയ വിഷയങ്ങളിൽ ജനമുന്നേറ്റത്തിന് ഇത് തടസ്സം സൃഷ്ടിക്കുന്നു. ബഫർസോൺ വിഷയത്തിൽ ഇന്നത്തെ സ്ഥിതി ജനങ്ങളെ അറിയിക്കാനാണ് ഈ കൈപുസ്തകം തയ്യാറാക്കിയത്. 26.04.2023 ലെ സുപ്രീം കോടതി വിധി അതിന്റെ പൂർണ്ണരൂപത്തിൽ ഇതൊടൊപ്പം ചേർത്തിരിക്കുന്നു.

കൃത്യമായ വിവരങ്ങളെയും വിശകലനങ്ങളെയും അടിസ്ഥാനമാക്കി നമുക്ക് ബഫർസോൺ വിഷയം ഏറ്റെടുക്കാം. പശ്ചിമഘട്ടത്തെ സംബന്ധിക്കുന്ന ഓരോ വിഷയങ്ങളിലും കർഷകരുടെ പൊതു വിഷയങ്ങളിലും SWGPF ഇനിയങ്ങോട്ട് ഇത്തരം കൈപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നതായിരിക്കും. SWGPF ലെ അംഗങ്ങളുടെ സാമ്പത്തികസഹായം കൊണ്ടു മാത്രമാണ് SWGPF മുന്നോട്ടുപോകുന്നത്. ഈ കൈപുസ്തകം പ്രസിദ്ധീകരിക്കാനുള്ള പണം തന്ന് സഹായിച്ചത് SWGPF ട്രസ്റ്റിയും വിഫാം ചെയർമാനുമായ ശ്രീ. ജോയി കണ്ണംചിറയാണ്. ഇനിയും പ്രസിദ്ധീകരിക്കാനിരിക്കുന്ന ഇത്തരം കൈപുസ്തകങ്ങളെ ഇങ്ങനെ താൽപര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്.

എന്ന്

പാലാ

SWGPF ഭരണസമിതി

10.05.2023

ജെയിംസ് വടക്കൻ 94973 40829
ജോയി കണ്ണംചിറ 94471 25624

# കരുതൽ മേഖല/ബഫർസോൺ 26.04.2023 – സുപ്രീംകോടതി വിധി കേരളത്തിന് ആശ്വാസമേകണമെങ്കിൽ/ ഇളവുകൾ സ്വാഗതാർഹമാകണമെങ്കിൽ സംസ്ഥാന സർക്കാർ യുദ്ധകാലാടിസ്ഥാത്തിൽ ഉണർന്ന് പ്രവർത്തിക്കണം

## ഉന്നതാധികാര രാഷ്ട്രീയ നയരൂപീകരണ സമിതി വേണം

കരുതൽ മേഖല/ബഫർ സോണിനെ സംബന്ധിച്ച 26.04.2023 ലെ സുപ്രീംകോടതി വിധി കേരളത്തിന് ആശ്വാസം പകരണമെങ്കിൽ സംസ്ഥാന സർക്കാരും പ്രത്യേകിച്ച് വനംവകുപ്പും കരുതൽ മേഖലയെ സംബന്ധിച്ച കേരളത്തിന്റെ കരടുവിജ്ഞാപനങ്ങളിൽ കൃഷിയിടങ്ങളോ ജനവാസകേന്ദ്രങ്ങളോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയെ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ അടിയന്തിരമായി സമർപ്പിക്കണം. അതിനായി വനംവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടു കാര്യമില്ല. പകരം സംസ്ഥാനം ഭരിക്കുന്ന മുന്നണിയിലെ പ്രധാനപ്പെട്ട ഘടകകക്ഷികൾ നിർദ്ദേശിക്കുന്ന ഓരോ വിദഗ്ധരെ ഉൾപ്പെടുത്തി ഒരു കരുതൽ മേഖല/ബഫർസോൺ ഉന്നതാധികാര രാഷ്ട്രീയ നയരൂപീകരണ സമിതി രൂപീകരിക്കണം. ഈ സമിതിയുടെ നിർദ്ദേശങ്ങൾക്കനുസരണം പ്രവർത്തിക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പരിസ്ഥിതി, കൃഷി, തദ്ദേശസ്വയംഭരണം, റവന്യു, വനം, നിയമം, സർവേ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ അടങ്ങുന്ന ഒരു ഉദ്യോഗസ്ഥ സമിതിയും രൂപീകരിക്കണം. റിട്ട. ജഡ്ജിമാർ നേതൃത്വം നൽകുന്ന വനം/പരിസ്ഥിതി വിദഗ്ധർ അടങ്ങുന്ന സമിതിയല്ല ഇക്കാര്യത്തിൽ കേരളത്തിന് ആവശ്യം. കാരണം കരുതൽ മേഖല/ബഫർസോൺ വിഷയങ്ങളിൽ ജനപക്ഷത്തുനിന്ന് 'അമ്മ ഭൂമി'യെ നിരന്തരം സംരക്ഷിക്കുന്ന, കോടിക്കണക്കിന് പുതിയ മരങ്ങൾ ഒരു നയാപൈസയുടെ സർക്കാർ സഹായമില്ലാതെ നട്ടുവളർത്തുന്ന, യഥാർത്ഥ പരിസ്ഥിതി സംരക്ഷകരായ, കർഷകരുടെ ഒരു സെന്റ് ഭൂമിപോലും കരുതൽ മേഖലയിൽ ഉൾപ്പെടുന്നില്ലെന്ന് ഉറപ്പാക്കി തീരുമാനങ്ങളെടുക്കാനുള്ള സുവർണ്ണാവസരമാണ് കേരളത്തിന് ഇപ്പോൾ കൈവന്നിരിക്കുന്നത്. ഇത് വിജയിപ്പിക്കേണ്ടത് രാഷ്ട്രീയ ഭരണ നേതൃത്വത്തിന്റെ ഉത്തരവാദിത്വമാണ്.

## തെറ്റു തിരുത്താനുള്ള അവസരം

രാഷ്ട്രീയ ആരോപണ പ്രത്യാരോപണങ്ങൾക്കുള്ള സമയമല്ല ഇത്. 2002 മുതൽ നാളിതുവരെ കേരളം ഭരിച്ച വനംവകുപ്പ് മന്ത്രിമാരുടെ തെറ്റുകൾ തിരുത്താനുള്ള അവസരമാണിത്. അതിൽ നിന്ന് ആർക്കും ഒഴിവാകാനാകില്ല. 26.04.2023 ലെ സുപ്രീംകോടതി വിധിയെ സ്വാഗതം ചെയ്യുന്നതിനു മുമ്പ് നാം ഇക്കാര്യങ്ങൾ മനസ്സിലാക്കിയിരിക്കണം. വനംവകുപ്പിലെ സ്ഥാപിത താല്പര്യക്കാരായ ഉദ്യോഗസ്ഥരുടെയും കപട പരിസ്ഥിതി വാദികളുടെയും വഴിവിട്ട നീക്കങ്ങളെ പ്രതിരോധിക്കാനും പരാജയപ്പെടുത്താനും 2002 മുതല 2023 വരെയുള്ള കരുതൽ മേഖല/ബഫർസോൺ നിർദ്ദേശങ്ങൾ/കോടതിവിധികൾ ജനപക്ഷ നേതാക്കൾ മനസ്സിലാക്കണം. ജനങ്ങളോടുത്തരവാദിത്വമുള്ള അവർതന്നെ ഇക്കാര്യങ്ങൾ നിയന്ത്രിക്കണം.

## ബഫർസോൺ/കരുതൽ മേഖല നാൾവഴികളിങ്ങനെ

SWCPF

| തീയതി | നിർദ്ദേശം |
|---|---|
| 2002 ജനുവരി 21 | ദേശീയ വന്യജീവി ബോർഡിന്റെ 21.1.2002 ലെ തീരുമാനപ്രകാരം രാജ്യത്തെ മുഴുവൻ സംരക്ഷിത പ്രദേശങ്ങൾക്കും (വന്യജീവി സങ്കേതം, ദേശീയ ഉദ്യാനം) ചുറ്റും 10 കി.മീ. വീതിയിൽ ബഫർസോൺ സൃഷ്ടിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഉത്തരവിടുന്നു.(അപ്പോൾ കേരളത്തിലെ വനംമന്ത്രി കോൺഗ്രസിലെ കെ. സുധാകരൻ)കേരളത്തിലെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ജനവാസ കേന്ദ്രങ്ങളായതിനാൽ ഈ നിർദ്ദേശങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. അതുണ്ടായില്ല. |
| 2002 മെയ് 9 | 1995 ൽ ഫയൽ ചെയ്ത WPC 202/1995 ലെ ഗോദവർമ്മൻ തിരുമുൽപ്പാട് കേസിൽ സുപ്രീം കോടതി പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നു എന്നുറപ്പാക്കാൻ 'സെൻട്രൽ എംപവേർഡ് കമ്മറ്റി' രൂപീകരിക്കുന്നു. |
| 2005 ഡിസംബർ 4 | പരിസ്ഥിതി ലോല മേഖലയെ സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങൾ പദ്ധതികൾ സമർപ്പി |

| | |
|---|---|
| | ക്കാത്തതിനാൽ അത്തരം സംസ്ഥാനങ്ങളിലെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും 10 കി.മീ. വീതിയിൽ പരിസ്ഥിതി ലോല പ്രദേശം/ കരുതൽ മേഖല/ബഫർസോൺ രൂപീകരിക്കണമെന്ന് സുപ്രീംകോടതി. |
| 2006 ഡിസംബർ 4 | 27.05.2005 ന് കേന്ദ്രവനംപരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ലോല / ബഫർസോണുകളെ സംബന്ധിച്ച് നാളിതുവരെ നൽകിയ നിർദ്ദേശങ്ങളെ സംബന്ധിച്ച് പരാതിയുള്ളവർ 4 ആഴ്ചയ്ക്കുള്ളിൽ എതിർപ്പുകൾ രേഖാമൂലം അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു. (അന്ന് കേരള വനംവകുപ്പ് മന്ത്രി ബിനോയ് വിശ്വം ആയിരുന്നു). |
| 2011 ഫെബ്രുവരി 9 | കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം F. No. 1-9/ 2007 WL-1(Pt) dated 9.2.2011 ആയി 24 പേജുള്ള കരുതൽമേഖലകൾ നിശ്ചയിക്കുന്നതിനുള്ള മാഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു. കരുതൽ മേഖല വിഷയത്തിലെ ഏറ്റവും നിർണ്ണായക രേഖയാണിത്. 26.4.2023 ലെ സുപ്രീംകോടതി വിധിയുടെ 33 മുതൽ 40 വരെയുള്ള ഖണ്ഡികകളിൽ ഈ നിർദ്ദേശങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്. 2022 ജൂൺ 3-ാം തീയതിയിലെ സുപ്രീംകോടതി വിധിയുടെ 6-ാം ഖണ്ഡികയിൽ ഇത് വിശദമായി പ്രതിപാദിക്കുന്നു. ഏതെങ്കിലും പ്രദേശത്ത് ബഫർസോണുകൾ നിശ്ചയിക്കണമെന്നുണ്ടെങ്കിൽ വനം വകുപ്പിലെ റേഞ്ച് ഓഫീസർ അതാതുപ്രദേശങ്ങളിലെ വൈൽഡ് ലൈഫ് വാർഡൻ, ഒരു പരിസ്ഥിതി ശാസ്ത്രജ്ഞൻ (ഇക്കോളജിസ്റ്റ്), തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഒരു ഉദ്യോഗസ്ഥൻ, റവന്യുവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന ഒരു ചെറിയ കമ്മറ്റി രൂപീകരിക്കണം. ഈ കമ്മറ്റി ബഫർസോൺ ആക്കാൻ ഉദ്ദേശിക്കുന്ന എല്ലാ സ്ഥലങ്ങളിലും വീടുവീടാന്തരം കയറി താമസക്കാരുടെയും കൃഷിക്കാരുടെയും മറ്റ് ബിസിനസ്സുകാരുടെയും വ്യവസായ |

SWGPF

| | |
|---|---|
| | ങ്ങളുടെയും പൊതുസ്ഥാപനങ്ങളുടെയും അടക്കം വിശദാംശങ്ങൾ (inventory) തയ്യാറാക്കണം. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കണം ചീഫ് വൈൽഡ് ലൈഫ് വാർഡൻ ഏതൊക്കെ പ്രദേശങ്ങൾ പരിസ്ഥിതി ലോലമേഖലകളാക്കണമെന്ന് നിർദ്ദേശിക്കേണ്ടതെന്നും 3.6.2022ലെ സുപ്രീംകോടതി വിധിയുടെ 6-ാം ഖണ്ഡികയിൽ വിശദമാക്കുന്നുണ്ട്. |
| 2012 സെപ്റ്റംബർ 20 | സി.ഇ.സി.യുടെ 20.9.2012 ലെ നോട്ടിന്റെ 16-ാം ഖണ്ഡികയിൽ 2 കി.മീ. മുതൽ 100 മീറ്റർ വരെ വീതിയിൽ ബഫർസോൺ രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ-പ്രത്യേകിച്ച് ജനവാസ കേന്ദ്രങ്ങൾ വ്യവസായങ്ങൾ ഒക്കെ - സംസ്ഥാനങ്ങൾ അടിയന്തിരമായി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിനെ കാര്യകാരണ സഹിതം ബോധിപ്പിച്ച് ബഫർസോണിൽ നിന്നും ഇളവുകൾ തേടണമെന്നും നിർദ്ദേശിച്ചിരുന്നു. (അപ്പോൾ കേരളത്തിലെ വനം മന്ത്രി കെ.ബി. ഗണേഷ് കുമാറായിരുന്നു). ഒന്നും സംഭവിച്ചില്ല. |
| 2004 - 2012 | 2004 മുതൽ 2012 വരെ രാജസ്ഥാൻ സർക്കാർ സമർപ്പിച്ചത് 7 സത്യവാങ്മൂലങ്ങൾ. രാജസ്ഥാനിലെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും 25 മീറ്റർ വീതിയിൽ മാത്രം കരുതൽ മേഖല മതിയെന്നും ശരിയായ നടപടിക്രമങ്ങളിലൂടെ ഭൂമി ഏറ്റെടുക്കൽ നിയമത്തിൽ പറയുന്ന നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുത്തായിരിക്കണം ബഫർസോൺ സൃഷ്ടിക്കേണ്ടതെന്നും രാജസ്ഥാൻ സർക്കാർ. ഈ ശക്തമായ സംസ്ഥാന സർക്കാർ നിലപാടുകൊണ്ടായിരിക്കണം 3.6.2022 ലെ സുപ്രീംകോടതി വിധിയിൽ ജമുവ രാംഗ്ര മേഖലയിൽ കരുതൽ മേഖല 500 മീറ്റർ ആയി കുറച്ചത് (മറ്റെല്ലായിടത്തും 1 കി.മീ.) |
| 2022 ജൂൺ 3 | എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കി.മീ. വീതിയിൽ കരുതൽ മേഖല വേണമെന്ന സുപ്രീംകോടതി വിധി. |

SWGPF

## 26.4.2023 ലെ വിധിയിലെ സുവർണ്ണാവസരം

ചുരുക്കത്തിൽ 2002 മുതൽ 2022 വരെയുള്ള സുപ്രീംകോടതി വിധികളിലും കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയ നിർദ്ദേശങ്ങളിലും ഏറ്റവും കുറഞ്ഞത് ഒരു കി.മീ. എങ്കിലും കരുതൽ മേഖല വേണ മെന്ന നിർദ്ദേശം/ഉത്തരവുണ്ടായിരുന്നു.

എന്നാൽ 26.4.2023 ലെ സുപ്രീംകോടതി വിധിയിലൂടെ ഒരു കിലോമീറ്റർ ബഫർസോൺ നിർദ്ദേശങ്ങൾ വരെ ഒഴിവാക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരം ലഭിച്ചിരിക്കുകയാണ്. ഇതാണ് നേരത്തെ ചൂണ്ടിക്കാട്ടിയ സുവർണ്ണാവസരം.

രാജ്യത്തെ നൂറുകണക്കിന് ജനവാസഗ്രാമങ്ങളാണ് വനാതിർത്തി കളിലെ കരുതൽ മേഖലകളിൽ വരുന്നതെന്നു ചൂണ്ടിക്കാട്ടിയായിരുന്നു 26.4.2023 ൽ ഒരു കി.മീ. നിർബന്ധിത കരുതൽ മേഖല സുപ്രീംകോ ടതി റദ്ദാക്കിയത്. 26.4.2023 ലെ സുപ്രീംകോടതി വിധിയുടെ 46–47 ഖണ്ഡികകളിൽ വിവിധ സംസ്ഥാനങ്ങളിലെ ഇത്തരം ജനവാസ കേന്ദ്ര ങ്ങളെ സംബന്ധിച്ച് സുപ്രീംകോടതി തന്നെ പരാമർശിക്കുന്നു. ആന്ധ്ര യിൽ 100 ഗ്രാമങ്ങൾ, ബീഹാറിൽ 323 ഗ്രാമങ്ങൾ, ജാർഖണ്ഡിൽ 382 ഗ്രാമങ്ങൾ, കർണ്ണാടകത്തിൽ 107 വില്ലേജുകൾ, മധ്യപ്രദേശിൽ 168 വില്ലേജുകൾ, മഹാരാഷ്ട്രയിൽ 150 വില്ലേജുകൾ, രാജസ്ഥാനിൽ 83 വില്ലേജുകൾ ഒക്കെയാണ് ഓരോ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും 1 കി.മീ. ബഫറിലുള്ളതെന്നു സുപ്രീംകോടതി കണ്ടെത്തിയിരുന്നു. ഇത് തന്നെയായിരുന്നു 1 കി.മീ. ബഫർസോൺ എന്ന സുപ്രീംകോട തിയുടെ തന്നെ 3.6.2022 ലെ പൊതുനിർദ്ദേശം റദ്ദാക്കാൻ സുപ്രീംകോ ടതി 3 അംഗ ബഞ്ച് കണ്ട കാരണങ്ങൾ. സത്യത്തിൽ ഈ ഗ്രാമങ്ങ ളിലോ വില്ലേജുകളിലോ കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമങ്ങളിലെ ജനസംഖ്യയുടെ പത്തിലൊന്നു പോലും വരില്ല. അതുകൊണ്ടുതന്നെ കേരളത്തിലെ കരുതൽ മേഖലയിൽ ഒരു സെന്റ് കൃഷിഭൂമി പോലും ഉൾപ്പെടുത്തേണ്ടതില്ല.

## സംരക്ഷിത മേഖലാ അതിർത്തിയിലെ ഗ്രാമപഞ്ചായത്തുകൾ "കടുവാ സങ്കേതത്തിനുള്ളിലെ മനുഷ്യർ"

കേരളത്തിലെ സംരക്ഷിത മേഖലകൾക്കു ചുറ്റുമുള്ള ഗ്രാമപഞ്ചാ യത്തുകളിലെ ജനസംഖ്യതന്നെ കരുതൽ മേഖലകളിൽ നിന്നും മുഴു വൻ റവന്യൂ കൃഷിഭൂമികളെയും ജനവാസ കേന്ദ്രങ്ങളെയും ഒഴിവാ ക്കാൻ പര്യാപ്തമായ കാരണമാണ്. സുപ്രീംകോടതിയിലെ 3 അംഗ ബെഞ്ച് അത് അംഗീകരിച്ചെങ്കിലും കേരള വനംവകുപ്പ് മന്ത്രിയും വനം വകുപ്പ് ഉദ്യോഗസ്ഥരും കരുതൽ മേഖല കരടുവിജ്ഞാപനങ്ങളെ ഇനി യങ്ങോട്ട് എങ്ങനെ കാണുന്നു എന്നതാണ് നാം നിരീക്ഷിക്കേണ്ടത്. സുപ്രീംകോടതി നിർദ്ദേശങ്ങളുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കാൻ പരിസ്ഥിതി വകുപ്പ് നിയന്ത്രിക്കുന്ന മുഖ്യമന്ത്രി വനം വകുപ്പിന് അടിയന്തിര നിർദ്ദേശം നൽകണം.

SWGPF

കേരളത്തിലെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ജനസംഖ്യ ഇങ്ങനെ.

| വന്യജീവി സങ്കേതം | അതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്തുകൾ | ജനസംഖ്യ |
|---|---|---|
| **നെയ്യാർ പേപ്പാറ** | അമ്പൂരി | 15920 |
| | ആര്യനാട് | 33396 |
| | കള്ളിക്കാട് | 13553 |
| | കുറ്റിച്ചൽ | 18343 |
| | വിതുര | 26249 |
| | ആകെ (6) | 107461 |
| **ഷെന്തരുണി** | ആര്യങ്കാവ് | 11133 |
| | കുളത്തുപുഴ | 34721 |
| | തെൻമല | 23555 |
| | ആകെ (3) | 69409 |
| **പെരിയാർ കടുവാ സങ്കേതം** | പെരുവന്താനം | 15626 |
| | വണ്ടിപ്പെരിയാർ | 40809 |
| | എരുമേലി | 43273 |
| | കോരുത്തോട് | 16413 |
| | ചിറ്റാർ | 16525 |
| | സീതത്തോട് | 15773 |
| | ആകെ (6) | 184334 |
| **ഇടുക്കി വന്യജീവി സങ്കേതം** | അറക്കുളം | 18481 |
| | ഏലപ്പാറ | 23666 |
| | ഇടുക്കി കഞ്ഞിക്കുഴി | 26809 |
| | കാമാക്ഷി | 19762 |
| | കാഞ്ചിയാർ | 22513 |
| | മരിയാപുരം | 12071 |
| | ഉപ്പുതറ | 26236 |
| | വാത്തിക്കുടി | 27670 |
| | ആകെ (8) | 177208 |
| **പാമ്പാടുംചോല** | മൂന്നാർ | 32029 |
| | വട്ടവട | 5697 |
| | ആകെ (2) | 37708 |

SWGPF

| | | |
|---|---|---|
| **ചിന്നാർ WLS** | കാന്തല്ലൂർ | 10963 |
| | മറയൂർ | 12399 |
| | ആകെ (2) | 23362 |
| **ആനമുടി ഷോല** | കാന്തല്ലൂർ * | 10963 |
| | മൂന്നാർ * | 32029 |
| | വട്ടവട * | 5697 |
| | ആകെ (3) | 48689 |
| **കുറിഞ്ഞിമല** | കാന്തല്ലൂർ * | 10963 |
| | വട്ടവട * | 5697 |
| | ആകെ (2) | 16660 |
| **ഇരവികുളം** | കുട്ടമ്പുഴ | 21765 |
| | മറയൂർ * | 12399 |
| | മൂന്നാർ * | 32029 |
| | ആകെ (3) | 66193 |
| **മതികെട്ടാൻഷോലെ** | ചിന്നക്കനാൽ | 11553 |
| | ശാന്തൻപാറ | 15632 |
| | ആകെ (2) | 27185 |
| **മംഗളവനം** | കൊച്ചി കോർപ്പറേഷൻ | 677381 |
| | മുളവുകാട് | 21883 |
| | ആകെ (2) | 699264 |
| **തട്ടേക്കാട്** | കീരമ്പാറ | 12525 |
| | കുട്ടമ്പുഴ | 21765 |
| | പിണ്ടിമന | 16519 |
| | ആകെ (3) | 50809 |
| **ചിമ്മിനി** | കിഴക്കാഞ്ചേരി | 23344 |
| | വണ്ടാഴി | 13128 |
| | ആതിരപ്പള്ളി | 9153 |
| | കോടശ്ശേരി | 34198 |
| | മറ്റത്തൂർ | 47875 |
| | പുത്തൂർ | 49284 |
| | വരന്തരപ്പള്ളി | 26133 |
| | ആകെ (7) | 203115 |
| **ചൂളന്നൂർ മയിൽ സങ്കേതം** | കുന്നത്തൂർ | 23891 |
| | പെരിങ്ങോട്ടുകുറിശ്ശി | 30445 |
| | തിരുവില്വാമല | 28544 |
| | ആകെ (3) | 82880 |

SWGPF

| | | |
|---|---|---|
| **പീച്ചി വാഴാനി** | കണ്ണമ്പ്ര | 25084 |
| | കിഴക്കാഞ്ചേരി | 40928 |
| | ചേലക്കര | 40450 |
| | മുള്ളൂർക്കര | 20100 |
| | പാണാഞ്ചേരി | 45963 |
| | പഞ്ചൽ | 25024 |
| | പഴയന്നൂർ | 40256 |
| | പുത്തൂർ | 49284 |
| | തേക്കുംകര | 29511 |
| | വടക്കഞ്ചേരി മുനിസിപ്പാലിറ്റി | 15674 |
| | ആകെ (10) | 332274 |
| **പറമ്പിക്കുളം** | കുട്ടമ്പുഴ * | 21765 |
| | അയിലൂർ | 28419 |
| | കിഴക്കാഞ്ചേരി | 40928 |
| | നെല്ലിയാമ്പതി | 5545 |
| | വണ്ടാഴി | 31929 |
| | ആതിരപ്പള്ളി | 9153 |
| | കോടശേരി | 34198 |
| | മറ്റത്തൂർ | 47875 |
| | ആകെ (8) | 219812 |
| **സൈലന്റ് വാലി** | ചോക്കാട് | 32224 |
| | കാളികാവ് | 35210 |
| | കരുവാരക്കുണ്ട് | 41583 |
| | അഗളി | 34941 |
| | ആലനല്ലൂർ | 52554 |
| | കുമരംപുത്തൂർ | 32860 |
| | മണ്ണാർക്കാട് മുനിസിപ്പാലിറ്റി | 34839 |
| | പുത്തൂർ | 17430 |
| | ആകെ (8) | 281641 |
| **മലബാർ** | ചക്കിട്ടപ്പാറ | 21086 |
| | ചങ്ങരോത്ത് | 32107 |
| | കട്ടിപ്പാറ | 22706 |

SWGPF

| | | |
|---|---|---|
| | കൂത്താളി | 16969 |
| | കൂരാച്ചുണ്ട് | 17027 |
| | മരുതോംകര | 19871 |
| | പുതുപ്പാടി | 42083 |
| | പൊഴുതന | 18406 |
| | തരിയോട് | 11725 |
| | ആകെ (9) | 201980 |
| **വയനാട്** | സുൽത്താൻബത്തേരി | |
| | മുനിസിപ്പാലിറ്റി | 28466 |
| | മാനന്തവാടി മുനിസിപ്പാലിറ്റി | 45477 |
| | മീനങ്ങാടി | 33450 |
| | മുള്ളൻകൊല്ലി | 28400 |
| | നെൻമേനി | 46950 |
| | നൂൽപുഴ | 27833 |
| | പൂത്താടി | 39649 |
| | പുൽപ്പള്ളി | 33951 |
| | തിരുനെല്ലി | 29696 |
| | ആകെ (9) | 313872 |
| **ആറളം** | കേളകം | 20747 |
| | കൊട്ടിയൂർ | 16768 |
| | തിരുനെല്ലി * | 29696 |
| | ആകെ (3) | 67211 |
| **കൊട്ടിയൂർ** | കൊട്ടിയൂർ * | 16768 |
| | തവിനാൽ | 39813 |
| | തിരുനെല്ലി * | 29696 |
| | ആകെ (3) | 86277 |
| **കരിമ്പുഴ** | അമരമ്പലം | 35975 |
| | ചോക്കാട് | 32224 |
| | കരുളി | 23277 |
| | വഴിക്കടവ് | 47332 |
| | ആകെ (4) | 138798 |
| | **ആകെ (106)** | @**3436142** |

*/@ ഒരു ഗ്രാമപഞ്ചായത്ത് പല വന്യജീവി സങ്കേചങ്ങളുടെ അതിർത്തികൾ പങ്കിടുന്നതിനാൽ പഞ്ചായത്തുകളുടെ എണ്ണത്തിലും ജനസംഖ്യയിലും ഇരട്ടിപ്പുണ്ട്.

SWGPF

**ഒരു Km ബഫർ ഒഴിവാക്കണമെന്ന് സംസ്ഥാനസർക്കാർ**

3.6.2022 ലെ സുപ്രീംകോടതി വിധി വന്നശേഷം 25.06.2022 ൽ സംസ്ഥാന വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി രാജേഷ് കുമാർ സിൻഹ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയ സെക്രട്ടറിക്ക് കേരളത്തിലെ 23 സംരക്ഷിത മേഖലകളിൽ പെരിയാർ കടുവാ സങ്കേതം ഒഴിച്ചുള്ള സംരക്ഷിത മേഖലകളെ സംബന്ധിച്ച കരടു വിജ്ഞാപനങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഇറക്കിയതായി ചൂണ്ടിക്കാട്ടുന്നു.

5.10.2020, 12.10.2020, 16.11.2020, 25.01.2021, 11.02.2021, 17.06.2021 ലെ സംസ്ഥാന സർക്കാർ കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിനയച്ച കത്തുകളിലും 16.09.2021 ലെ D2/232/21/FWLD കത്തും 25.01.2022, 06.02.2022, 04.03.2022, 15.03.2022, 07.04.2022 അയച്ച കത്തുകളിലും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള തുടർ നിർദ്ദേശങ്ങൾ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തതായും സംസ്ഥാന വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

3.6.2022 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ജനവാസകേന്ദ്രങ്ങളെ കരുതൽ മേഖലയിൽ നിന്നൊഴിവാക്കിക്കൊണ്ടുള്ള സംസ്ഥാന നിർദ്ദേശങ്ങൾ സെൻട്രൽ എംപവേർഡ് കമ്മറ്റി വഴി സുപ്രീം കോടതിയിൽ സമർപ്പിക്കണമെന്നായിരുന്നു D2/46/2019/FWLD dt. 25.6.2022 ലെ സംസ്ഥാന സർക്കാർ കത്തിലെ ആവശ്യം.

SWCPF

26.04.2023 ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒരു കി.മീ. വീതി കരുതൽ മേഖല/ബഫർ സോൺ മേഖലകളിൽ ഏതെങ്കിലും കൃഷിയിടങ്ങളോ ജനവാസ കേന്ദ്രങ്ങളോ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിവാക്കാൻ ഇനി സംസ്ഥാന സർക്കാരിന് അടിയന്തിരമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ സമീപിക്കാനാവും. അതവർ അടിയന്തിരമായി ചെയ്യണം.

**കരുതൽ മേഖല വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണം**

26.04.2023 ലെ സുപ്രീംകോടതി വിധിയുടെ 56/62 ഖണ്ഡികകളിലെ നിർദ്ദേശപ്രകാരം കേരളത്തിലെ മുഴുവൻ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും സംസ്ഥാന സർക്കാർ നിർദ്ദേശാനുസരണം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പ്രസിദ്ധീകരിച്ച കരട് കരുതൽ മേഖല വിജ്ഞാപനങ്ങളിൽ ഒരു സെന്റ് കൃഷി ഭൂമിയോ ഭവനങ്ങളോ നിർമ്മിതികളോ ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പാക്കാൻ കേരളത്തിലെ എല്ലാ കരുതൽ മേഖലകളുടെയും പൂർണ്ണ വിശദാംശങ്ങൾ 106 പഞ്ചായത്തുകളിലും അടിയന്തിരമായി പ്രസിദ്ധീകരിക്കണം. വനാതിർത്തിയും കരുതൽമേഖലാതിർത്തിയും വിഭജിച്ചുകൊണ്ടുള്ള മാപ്പിൽ കരുതൽ മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന മുഴുവൻ ഭൂമിയുടെയും വിശദമായ മാപ്പും സർവ്വേ നമ്പരും

ഡിവിഷൻ/സബ്ഡിവിഷൻ നമ്പരും ഉൾപ്പെടുത്തണം. അങ്ങനെ ചെയ്യുമ്പോൾ അതാതു പഞ്ചായത്തുകൾക്ക് അത്തരം കരുതൽ മേഖലാ ഭൂമിയിൽ ഉൾപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലെ ഓരോ നിർമ്മിതികളുടെയും കണക്കെടുക്കാനും അവ ചൂണ്ടിക്കാണിക്കാനും ഗ്രാമപഞ്ചായത്ത് സമിതികൾക്കാകും. അങ്ങനെയൊരു അവസരം അടിയന്തിരമായി സൃഷ്ടിക്കണം. അത് നടപ്പിലാക്കാനാണ് രാഷ്ട്രീയ നയരൂപീകരണ സമിതിയും സർക്കാർ സെക്രട്ടറിതല സമിതിയും അടിയന്തിമായി രൂപീകരിക്കണമെന്ന് ആവശ്യപ്പെടുന്നത്.

**2021 ലെ LDF വാഗ്ദാനം**

വകുപ്പുകൾ നിയന്ത്രിക്കുന്ന മന്ത്രിമാരുടെയോ അവരുടെ രാഷ്ട്രീയ പാർട്ടികളുടെയോ താല്പര്യമല്ല ഭരണസംവിധാനത്തിൽ പ്രകടമാക്കേണ്ടത്. മുന്നണിയുടെ പൊതുനയമാണ്. കേരളം ഭരിക്കുന്ന ഇടതു ജനാധിപത്യമുന്നണി 2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ നൽകിയ വാഗ്ദാനങ്ങൾ അവരുടെ പ്രകടന പത്രികയിലുണ്ട്. അതിലെ 706-ാം വാഗ്ദാനം ഇങ്ങനെ  കേരളത്തിന്റെ പരിസ്ഥിതി സംരക്ഷണത്തിന് പശ്ചിമഘട്ടത്തിന് സുപ്രധാന സ്ഥാനമുണ്ട്. പ്രാദേശിക ജനവിഭാഗങ്ങളുടെയും കർഷകരുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ പദ്ധതിക്ക് രൂപം നൽകും. ഇതിനൊരു മാതൃകയാവും ഇടുക്കി, വയനാട് പാക്കേജുകൾ. 721-ാം വാഗ്ദാനമിങ്ങനെ.

വനം കയ്യേറ്റം പൂർണ്ണമായി തടയുന്നതിനും സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിക്കുന്ന പദ്ധതി ഊർജ്ജിതമായി നടപ്പാക്കി അടുത്ത അഞ്ചുവർഷംകൊണ്ട് മുഴുവൻ ജണ്ടകളും കെട്ടിതീർക്കും. ഇതോടെ അതിർത്തി തർക്കങ്ങൾ ഒഴിവാക്കാനും സ്വകാര്യ ഭൂമിക്ക് എൻ.ഒ.സി. നൽകാനും കഴിയും. വനാതിർത്തികൾ ഡിജിറ്റലൈസ് ചെയ്ത് രേഖപ്പെടുത്തും.  ചുരുക്കത്തിൽ കേരളത്തിൽ നിലവിലുള്ള വനവിസ്തൃതി വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നില്ല എന്നു വ്യക്തം.

വനവിസ്തൃതി വ്യാപിപ്പിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നില്ലാത്തിടത്തോളം കാലം ജനങ്ങൾക്ക് ജീവിക്കാൻ ആവശ്യത്തിന് ഭൂമിയില്ലാത്ത കേരളത്തിൽ ഏത് ആഗോള സമ്മർദ്ദമുണ്ടായാലും, കേരളത്തിൽ ഒരിഞ്ചുഭൂമി പോലും ഇനി വനമാക്കേണ്ടതില്ല. ഇതിന് വിരുദ്ധമായി സാമ്രാജ്യത്വ ആഗോള ശക്തികളുടെ രഹസ്യ ഫണ്ടിംഗിന്റെയും വിദേശപരിശീലനം, ഗവേഷണം എന്നിവയുടെയും പ്രലോഭനങ്ങളിൽ വ്യക്തിപരമായി സ്വാധീനിക്കപ്പെട്ട് കേരളത്തിലെ വനവിസ്തൃതി കൂട്ടാനുള്ള രഹസ്യ നീക്കത്തിന് എത്ര ഉന്നതനായ ഉദ്യോഗസ്ഥൻ തുനിഞ്ഞാലും മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ തടയിടണം.

രാജ്യത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും (ദേശീയ ഉദ്യാനങ്ങൾ, വന്യജീവി സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവുകൾ) ഒരു കി. മീ. വീതിയിൽ കരുതൽ മേഖല/ബഫർസോൺ നിർബന്ധമാക്കി 2022

ജൂൺ 3 ന് പുറപ്പെടുവിച്ച വിധി 2023 ഏപ്രിൽ 26 ന് ചില ഇളവുകളോടെ സുപ്രീം കോടതിയിലെ 3 അംഗബെഞ്ച് പരിഷ്കരിച്ചത് പശ്ചിമഘട്ടത്തിലെ ലക്ഷക്കണക്കിന് മലയോര കർഷകർക്ക് തുണയായോ എന്നു വ്യക്തമാക്കേണ്ടത് സംസ്ഥാന വനംവകുപ്പാണ്.

കേരളത്തിന്റെ പേരും പ്രശസ്തിയും ലോകത്തിലെമ്പാടും എത്തിച്ച സുഗന്ധവ്യഞ്ജനങ്ങളടക്കമുള്ള കാർഷിക വിളകൾ വിളയിക്കാനായി മണ്ണിനോടും ഒപ്പം വന്യമൃഗങ്ങളോടും പടവെട്ടി പശ്ചിമഘട്ടത്തിൽ ലക്ഷക്കണക്കിന് മരങ്ങൾ വച്ചുപിടിപ്പിച്ച് പശ്ചിമഘട്ടത്തെ പച്ചപ്പുകൊണ്ട് പൊതിയുകയും ആ വൃക്ഷ മേലാപ്പിന് കീഴിൽ സ്വന്തം ജീവിതം രൂപപ്പെടുത്തുകയും ചെയ്ത കർഷകർക്ക് പശ്ചിമഘട്ടത്തിൽ നിന്ന് ഇനിയും കരുതൽമേഖലയുടെ പേരിൽ കുടിയിറങ്ങേണ്ടി വരുമോ എന്ന കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് സംസ്ഥാന സർക്കാർ തന്നെ.

**26.04.2023 ലെ സുപ്രീം കോടതി നിർദ്ദേശങ്ങൾ**

26.04.2023 ലെ സുപ്രീംകോടതി വിധിപ്രകാരം അന്തിമ, കരട് കരുതൽമേഖല/ബഫർസോൺ വിജ്ഞാപനങ്ങൾ ഇറങ്ങിയതോ സർക്കാരിന്റെ പരിഗണനയിൽ ഉള്ളതോ ആയ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇനി ഒരു കിലോമീറ്റർ ബഫർസോൺ ബാധകമാക്കില്ല.

എന്നാൽ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പല അളവിൽ കരുതൽ മേഖല നിർദ്ദേശിച്ചിരിക്കുന്ന അന്തിമ/കരടു വിജ്ഞാപനങ്ങൾ ആവശ്യമായ ഭേദഗതികളോടെ മേൽനടപടികൾക്ക് ശേഷം പ്രവൃത്തിപഥത്തിലെത്തും എന്നുതന്നെയാണ് സുപ്രീംകോടതി ചൂണ്ടിക്കാട്ടിയിരിക്കുന്നത്.

2011 ഫെബ്രുവരി 9 ന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം പരിസ്ഥിതി ലോലമേഖലകൾ/കരുതൽ മേഖലകൾ സംബന്ധിച്ച് പുറത്തിറക്കിയ നിയന്ത്രണങ്ങളും പരിസ്ഥിതിലോല മേഖല സംബന്ധിച്ച് 2022 മെയ് 17 ന് പുറത്തിറക്കിയ കേന്ദ്ര ഉത്തരവും ഇനിയങ്ങോട്ട് കർശനമായി പാലിക്കണമെന്ന് സുപ്രീംകോടതി വിധിയിൽ വ്യക്തമാക്കുന്നു. 09.02.2011 ലെ കരുതൽ മേഖല സംബന്ധിച്ച നിർദ്ദേശങ്ങൾ യുക്തിസഹമാണെന്നായിരുന്നു 3.6.2022 ലെ കോടതിവിധിയെങ്കിൽ 26.4.2023 ലെ സുപ്രീംകോടതിവിധിയുടെ 33 മുതൽ 40 വരെയുള്ള ഖണ്ഡികകളിൽ 9.2.2011 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് സുപ്രീംകോടതി വളരെ വിശദമായി നിർദ്ദേശിച്ചിരിക്കുന്നു.

3.6.2022 ലെ ഒരു കിലോമീറ്റർ വീതിയിൽ കരുതൽ മേഖല എന്ന വിധി ഭേദഗതി ചെയ്യാൻ സുപ്രീംകോടതി പ്രധാന കാരണമായി കണ്ടത് നിർദ്ദിഷ്ട ഒരു കി.മീ. കരുതൽ മേഖലയിൽ നൂറുകണക്കിന് ഗ്രാമങ്ങളും അതിൽ ആയിരക്കണക്കിന് ജനങ്ങളും താമസിക്കുന്നുണ്ട് എന്നതു തന്നെയായിരുന്നു. ഇവിടെ സ്ഥിരം നിർമ്മാണങ്ങൾക്ക് വിലക്കേർപ്പെ

ടുത്തിയാൽ ജനങ്ങളുടെ നിത്യജീവിതത്തെ കാര്യമായി ബാധിക്കു മെന്നും വനംവകുപ്പിന്റെ പോലും പരിസ്ഥിതി വികസന പ്രവർത്തന ങ്ങൾ നടത്താൻ കഴിയില്ലെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി. വന്യ ജീവി സംരക്ഷണത്തിനും സാധാരണക്കാരുടെ അടിസ്ഥാന ആവശ്യ ങ്ങൾക്കുമുള്ള പല പ്രവർത്തനങ്ങളും മുടങ്ങും.

2022 ജൂൺ മൂന്നിന്റെ വിധിയിലെ 55-ാം ഖണ്ഡികയിലെ 5-ാം നിർദ്ദേശം നടപ്പാക്കിയാൽ കരുതൽ മേഖലയിൽ സ്ഥിരം നിർമ്മാണ ങ്ങൾ ഒന്നുംതന്നെ സാധിക്കില്ല. വനമേഖലക്കടുത്തുള്ള കരുതൽ മേഖ ലയിൽ താമസിക്കുന്ന കർഷകരടക്കമുള്ള ഗ്രാമീണർക്ക് വീട് പുനർനിർമ്മാണം നടത്താനോ പുതിയ വീട് വയ്ക്കാനോ ഉള്ളവ വലു താക്കാനോ സാധിക്കില്ല. സ്കൂളുകളോ അംഗൻവാടികളോ ശൗചാല യങ്ങളോനിർമ്മിക്കാൻ സാധിക്കില്ല. റോഡുകൾ, റെയിൽവേ പ്രതിരോധ ആവശ്യത്തിനുള്ള നിർമ്മാണങ്ങൾ എന്നിവയും സാധിക്കില്ല എന്നു സുപ്രീംകോടതി 3 അംഗ ബെഞ്ച് കണ്ടെത്തി.

കരുതൽ മേഖലകളിലെ പ്രവർത്തനങ്ങളെ നിരോധിതം, നിയ ന്ത്രിതം, അനുവദനീയം എന്നിങ്ങനെ തരംതിരിച്ച് നിയന്ത്രിതമായ പ്രവർത്തനങ്ങളിൽ പണി ആരംഭിച്ചത് തുടരുന്നതിന് സംസ്ഥാന വനം മേധാവികളുടെ തന്നെ അനുവാദം വാങ്ങണമെന്ന 3.6.2022 ലെ കോടതി നിർദ്ദേശം ഓരോ സംസ്ഥാനത്തും ലക്ഷക്കണക്കിന് അത്തരം അനുമതി പത്രങ്ങൾ അനുവദിക്കാൻ വനം മേധാവി നിർബന്ധിതമാ കും. മറ്റൊരു പണിയും ചെയ്യാൻ ഇങ്ങനെയൊരു സാഹചര്യത്തിൽ വനംമേധാവിക്ക് സാധക്കില്ല. ആയതിനാൽ അത്തരം നിർദ്ദേശങ്ങൾ പ്രായോഗികമല്ല. 2022 ജൂൺ 3 ന്റെ ഉത്തരവ് ഇത്തരംവിധിയിലെ നിർദ്ദേ ശങ്ങൾ നടപ്പാക്കിയാൽ വന്യജീവി സംഘർഷവും വന്യജീവി ആക്രമ ണങ്ങളും കൂടുകയോ ഉള്ളൂ എന്നും കരുതൽ മേഖലയെ സംബന്ധിച്ച കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം 9.2.2011 ൽ പുറപ്പെടുവിച്ച നിർദ്ദേ ശങ്ങൾ വനാതിർത്തിയിൽ റവന്യൂ കൃഷിഭൂമിയിൽ നിയമാനുസൃത പട്ടയങ്ങളുടെയും ആധാരങ്ങളുടെയും പിൻബലത്തിൽ ജീവിക്കുന്ന കർഷകരടക്കമുള്ള സാധാരണ ജനങ്ങളുടെ നിത്യജീവിതത്തിന് തട സ്സമുണ്ടാക്കാനല്ല മറിച്ച് വനമേഖലകൾ സംരക്ഷിക്കാനാണ് മാർക്ഷ രേഖ പുറപ്പെടുവിച്ചതെന്നും സുപ്രീംകോടതി വ്യക്തമാക്കി.

രാജ്യത്താകെ 662 സംരക്ഷിത പ്രദേശങ്ങളുണ്ടെന്നും അതിൽ 558 വന്യജീവി സങ്കേതങ്ങളും 104 ദേശീയ ഉദ്യാനങ്ങളും ഉണ്ടെന്നും ഇതിൽ 474 എണ്ണത്തിൽ അന്തിമ വിജ്ഞാപനവും 102 എണ്ണത്തിൽ കരടുവിജ്ഞാപനവും ഇറക്കിയിട്ടുണ്ടെന്നും 73 നിർദ്ദേശങ്ങൾ സർക്കാ രിന് മുന്നിലുണ്ടെന്നും സുപ്രീംകോടതി ചൂണ്ടിക്കാട്ടി.

**കേരളം ഇനി എന്തുചെയ്യണം ?**

സുപ്രീംകോടതിയുടെ കരുതൽ മേഖലയെ സംബന്ധിച്ച വിധി കേരളത്തിന് വലിയ ആശ്വാസം പകരുന്ന ഉത്തരവാണെന്നും ഇളവു

കൾ സ്വാഗതാർഹമാണെന്നും പൊതുവായി വിലയിരുത്തുമ്പോൾ തന്നെ അവ എങ്ങനെ വ്യാഖ്യാനിക്കപ്പെടുമെന്നതിനെ സംബന്ധിച്ച് 26.04.2023ലെ സുപ്രീംകോടതി വിധിയിലെ 56, 62 ഖണ്ഡികകൾ കേരളത്തിലെ പശ്ചിമഘട്ട മലനിരകളിൽ താമസിക്കുന്ന കർഷകരെ സംബന്ധിച്ച് ഏറെ നിർണ്ണായകമാണ്. കേരളത്തിലെ എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കൾക്കും സംസ്ഥാന ഭരണകൂടത്തിനും അതിലുപരി സംസ്ഥാന വനംവകുപ്പിനും ജനപക്ഷത്തുനിന്നും എങ്ങനെ പ്രവർത്തിക്കണമെന്നതിനെപ്പറ്റിയുള്ള സുപ്രീംകോടതിയുടെ വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയിട്ടുണ്ട്.

56-ാം ഖണ്ഡികയിൽ അതിങ്ങനെ പറയുന്നു.

It is further to be noted that, as required under sub-rule (3) of Rule 5 of the 1986 Rules, before any final notification is issued, a draft notification is required to be published in the official gazatte and in such other manner as the Central Government may deem necessary from time to time. Any person interested in filing any objection to such a draft notification is entitled to file objection within a period of 60 days from the date of publication of the draft notification in the official gazette. We find that the Central Government can be directed to give a wide publicity to the draft notification so that all persons interested have knowledge about issuance of such draft notification.

1986 ലെ പരിസ്ഥിതി സംരക്ഷണ ചട്ടങ്ങളിലെ 5(3) ചട്ടപ്രകാരം ഏതെങ്കിലും മേഖല ബഫർസോൺ/കരുതൽ മേഖലയായി നിർദ്ദേശിക്കുന്ന അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സർക്കാർ ഗസറ്റിലും കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് സംവിധാനങ്ങളിലൂടെയും കരുതൽ മേഖലയെ സംബന്ധിക്കുന്ന മുഴുവൻ വിശദാംശങ്ങളും ഒരു കരടുവിജ്ഞാപനമായി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഈ കരടുവിജ്ഞാപനത്തിലെ ഏതെങ്കിലും കാര്യങ്ങളെ സംബന്ധിച്ച് എതിർപ്പുള്ള ആർക്കും കരടുവിജ്ഞാപനം വന്നതിനുശേഷം 60 ദിവസത്തിനുള്ളിൽ അവരുടെ എതിർപ്പുകൾ സർക്കാരിനെ അറിയിക്കാവുന്നതാണ്. ആയതിനാൽ ഇനി കേന്ദ്ര സർക്കാരിന് കരടുവിജ്ഞാപനങ്ങളെ സംബന്ധിച്ച് വ്യാപകമായ പ്രചരണം നൽകാവുന്നത്. ഇതര വിജ്ഞാപനങ്ങൾ ബാധിക്കുന്ന സകല ജനങ്ങൾക്കും ഇത് സംബന്ധിച്ച അറിവുകൾ നൽകേണ്ടതുമാണ്.

26.04.2023 ലെ സുപ്രീംകോടതി വിധിയുടെ 62-ാം ഖണ്ഡിക ഇങ്ങനെ.

We, however, direct the Central Government that wide publicity should be given to the draft notification which is required to be published under the provisions of clause (a) of sub-rule (3) of Rule 5 of the 1986

Rules. We further direct that the final notification to be published under clause (d) of sub-rule (3) of Rule 5 of the 1986 Rules shall not be given effect for a period of 30 days from the date of issuance thereof.

ആയതിനാൽ എല്ലാ കരടുവിജ്ഞാപനങ്ങളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇനി വ്യാപകമായ പ്രചാരണം (പബ്ലിസിറ്റി) നൽകണം. ഇത്തരം വ്യാപക പബ്ലിസിറ്റി നൽകി 30 ദിവസം കഴിയാതെ കരടുവിജ്ഞാപനങ്ങളെ സംബന്ധിച്ച് തീരുമാനമൊന്നും എടുക്കരുത്.

63-ാം ഖണ്ഡിക അതിലേറെ പ്രസക്തമാണ്. അതിങ്ങനെ.

It is further directed that any person who is aggrieved with such a final notification would be entitled to approach this Court directly by filing an application in the present proceedings.

**സുപ്രീംകോടതിയെ നേരിട്ട് സമീപിക്കാൻ കർഷകർക്ക് അനുവാദം**

കരടുവിജ്ഞാപനങ്ങളെയും അതിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം പുറത്തിറക്കുന്ന കരുതൽ മേഖലയെ സംബന്ധിച്ച അന്തിമ വിജ്ഞാപനത്തെ സംബന്ധിച്ച് പരാതിയുള്ളവർക്ക് ഇനിയങ്ങോട്ട് സുപ്രീംകോടതിയെ നേരിട്ട് സമീപിക്കാനുള്ള അധികാരവും അവകാശവും 26.4.2023 ലെ വിധിയിലൂടെ ജനങ്ങൾക്ക് ലഭിച്ചിരിക്കുന്നു. 3.6.2022 ലെ ഉത്തരവിൽ കരുതൽ മേഖലയുടെ വീതി ഒരു കി.മീയിൽ നിന്നും കുറയ്ക്കാൻ ആവശ്യപ്പെടാൻ സംസ്ഥാന സർക്കാരുകൾക്ക് (വനംവകുപ്പിന്) മാത്രമാണ് അവകാശമുണ്ടായിരുന്നത്. അതും സെൻട്രൽ എംപവേർഡ് കമ്മറ്റിയിലൂടെ മാത്രം. ഈ തടസ്സമാണ് ഇപ്പോൾ സുപ്രീംകോടതി നീക്കിയിരിക്കുന്നത്.

ഈ സാഹചര്യത്തിലാണ് കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുടെയും ജനകീയ നേതാക്കളുടെയും കർഷക സംഘടനകളുടെയും അതിലുപരി സംസ്ഥാന സർക്കാരിന്റെയും വിശിഷ്യ വനംവകുപ്പിന്റെയും ഉത്തരവാദിത്വം വർദ്ധിക്കുന്നത്.

**കരടു വിജ്ഞാപനങ്ങൾ ഇനി ജനങ്ങളെ അറിയിക്കട്ടെ പരാതികൾ സ്വീകരിക്കട്ടെ**

26.04.2023 വിധിയിലൂടെ എല്ലാ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഒരു കി.മീ. വീതിയിൽ കരുതൽ മേഖല വേണമെന്ന നിർദ്ദേശം സുപ്രീംകോടതി റദ്ദാക്കി. കരുതൽ മേഖലയെ സംബന്ധിച്ച കരടുവിജ്ഞാപനങ്ങളിൽ ജനങ്ങളുടെ പരാതി കേൾക്കണമെന്നും എല്ലാ കരടുവിജ്ഞാപനങ്ങളും ജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും സുപ്രീംകോടതി ഉത്തരവിട്ടിരിക്കുന്നു.

കേരളത്തിലെ വന്യജീവി സങ്കേതങ്ങൾക്കും ദേശീയ ഉദ്യാനങ്ങൾക്കും ചുറ്റും കരുതൽ മേഖല/ബഫർ സോൺ നിർദ്ദേശിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ഉപദേശപ്രകാരം കേന്ദ്രവനം പരിസ്ഥിതി

SWGPF

മന്ത്രാലയം 23 കരട് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 3.6.2022ലെ സുപ്രീംകോടതി വിധി വരുന്നതിന് മുമ്പ് സമർപ്പിച്ച നിർദ്ദേശങ്ങളാണവ. ഈ കരടുനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പൂജ്യം മുതൽ 10.9 കി.മീ. വരെ വീതിയിലുള്ള കരുതൽ മേഖലകളാണ് കേരളം നിർദ്ദേശിച്ചത്. അതിന്റെ വിശദാംശങ്ങളിങ്ങനെ.

| വന്യജീവി സങ്കേതത്തിന്റെ പേര് | സങ്കേത വിസ്തീർണ്ണം ച. കി.മീ. | ബഫർ സോൺ കരടുവിജ്ഞാപന തീയതി | ബഫർ വീതി കി.മീ. | നിർദ്ദിഷ്ട ബഫർ വിസ്തീർണ്ണം ച.കി.മീ. |
|---|---|---|---|---|
| നെയ്യാർ പേപ്പാറ | 181 | So 1361(E) 25.3.2022 | 0 മുതൽ 2.72 കി.മീ. വരെ | 70.906 |
| ഷെന്തുരുണി | 172 | So 2939(E) 24.8.2020 | 0 - 6.5 | 116.457 |
| പെരിയാർ കടുവാ സങ്കേതം | 925 | So 1276(E) 31.3.2016 | 0 - 2 | 225.24 |
| ഇരവികുളം പാമ്പാടുംചോല ചിന്നാർ ആനമുടി കുറിഞ്ഞിമല (സംയുക്തം) | 227.8 | So 124 (E) 12.01.2021 | വ്യക്തമല്ല | 264.643 |
| ഇടുക്കി | 105 | So 2772(E) 13.8.2020 | 450 മീ - 1 കി.മീ. | 88.238 (ഇതിൽ 24.317 ച.കി.മീ. കൃഷി ഭൂമിയാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു) |
| മതികെട്ടാൻഷോല | 13 | So 2771(E) 13.8.2020 | 0 - 1 കി.മീ. | 17.5 |
| മംഗളവനം | 0.03 | So 3033(E) 7.9.2020 | 0 - 1 കി.മീ. | 0.53 |
| തട്ടേക്കാട് | 25 | So 3454(E) 29.9.2020 | 1 കി.മീ.എല്ലായിടത്തും | 28.444 |
| ചിമ്മിനി | 85 | So 4269(E) 25.11.2020 | 0-7 കി.മീ. | 92.53/1.88 കൃഷിഭൂമി |
| ചൂളന്നൂർ | 3.4 | So 4270(E) 25.11.2020 | 100 മീ - 3 കി.മീ. | 8.86 ഇതിൽ 2.288 കി.മീ. കൃഷി ഭൂമി |

SWGPF

| | | | | |
|---|---|---|---|---|
| പീച്ചി വാഴാനി | 125 | So 4271(E) 25.11.2020 | 0 - 6.2 | 131.54 അതിൽ 15.50 കൃഷി മേഖല |
| പറമ്പിക്കുളം | 643 | So 440(E) 28.1.2021 | 0 - 10.9 | 331.352 |
| സൈലന്റ് വാലി | 238 | So 3880(E) 27.10.2020 | 0 – 9.8 | 148 |
| മലബാർ | 74 | So 2634(E) 5.8.2020 | 0 – 1.0 | 53.60 |
| വയനാട് | 344 | So 438(E) 28.1.2021 | 0 - 3.4 | 118.59 |
| ആറളം | 55 | So 2393(E) 20.7.2020 | 0 - 3.6 | 10.136 |
| കൊട്ടിയൂർ | 30 | So 2940(E) 24.8.2020 | 0 - 2.1 | 12.91 |
| കരിമ്പുഴ | കരടുവിജ്ഞാപനം ഇറങ്ങിയിട്ടില്ല | | | |

SWGPF

**കരടുവിജ്ഞാപത്തിൽ കൃഷിഭൂമി പെട്ടിരിക്കുന്നു.**

മേൽപട്ടികയിലെ ബഫർസോൺ കരടുവിജ്ഞാപന ദിവസം വളരെ പ്രസക്തമാണ്. നിലവിൽ കേരളത്തെ ബാധിക്കുന്ന ഏറ്റവും പുതിയ നിർദ്ദേശങ്ങളാണിവ. നിലവിൽ ഇടുക്കി, തട്ടേക്കാട്, ചിമ്മിനി, ചൂളന്നൂർ, പീച്ചി വാഴാനി വന്യജീവിസങ്കേതങ്ങളൊക്കെ സംസ്ഥാന സർക്കാർ നിർദ്ദേശിച്ച ബഫറിൽ കൃഷിയിടങ്ങളുണ്ട് എന്ന് കരടു വിജ്ഞാപനത്തിൽ തന്നെ കാണുന്നു. ഇവയടക്കമുള്ള കൃഷിഭൂമിക ളൊക്കെ ബഫറിൽ നിന്ന് ഒഴിവാക്കപ്പെടണം. 3.6.2022 ലെ സുപ്രീം കോടതി വിധി വന്ന് 60 ദിവസം കഴിഞ്ഞശേഷം മാത്രമാണ് വിധി എത്ര ഭീകരമായി കേരളത്തെ ബാധിക്കും എന്ന് മിക്കവർക്കും മനസ്സി ലായത്. പിന്നെ രാഷ്ട്രീയ നേതാക്കളുടെ വാദപ്രതിവാദമായി. ഞങ്ങൾ കർഷക വിരുദ്ധമായി ഒന്നും ചെയ്തില്ലെന്നും ഞങ്ങളാണ് പശ്ചിമഘ ട്ടത്തിലെ മലയോര കർഷകരെ രക്ഷിക്കാൻ മുന്നിട്ടിറങ്ങിയതെന്നും വെല്ലുവിളികൾ നടത്തിയവരുടെ നിലപാടുകൾ സാധാരണ ജനങ്ങൾ തിരിച്ചറിയാൻ രേഖകളും കണക്കുകളും തീരുമാനമെടുത്ത ദിവസ ങ്ങളും ഏറെ പ്രസക്തമാണ്. തെറ്റു ചെയ്തവർക്കും തെറ്റുപറ്റിയ വർക്കും തിരുത്താനുള്ള അവസരം. ആരെയാണ് ഇക്കാര്യങ്ങളിൽ വിശ്വ സിക്കേണ്ടതെന്നതിനെപ്പറ്റി സാധാരണ ജനങ്ങൾക്ക് കൃത്യമായി തീരു മാനിക്കാനുള്ള അടിസ്ഥാന വിവരങ്ങൾ.

## മുഖ്യമന്ത്രിയും പരിസ്ഥിതിവകുപ്പും നേരിട്ടു നിയന്ത്രിക്കണം

കഴിഞ്ഞ ജൂൺ 3ലെ സുപ്രീംകോടതി വിധിയിൽ സ്വതന്ത്ര കർഷക സംഘടനകൾ പ്രക്ഷോഭം തുടങ്ങിയതോടെയും മാധ്യമങ്ങൾ വലിയ വാർത്തകൾ നൽകിയതോടെയും ആയിരുന്നു സംസ്ഥാന സർക്കാർ പ്രതിരോധത്തിലായതും ഉണർന്നു പ്രവർത്തിച്ചതും. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടലുകൾ ഫലംകണ്ടു. അതിലുപരി രാഷ്ട്രീയ നേതാക്കൾ സെൻട്രൽ എംപവേർഡ് കമ്മറ്റിയുടെ മുമ്പാകെ ഹാജരായി കേരളത്തിന്റെ വാദമുഖങ്ങൾ അവതരിപ്പിച്ചതും സംസ്ഥാന മുഖ്യമന്ത്രി അദ്ദേഹത്തിന്റെ ഓഫീസിൽ തന്നെ പരിസ്ഥിതി വകുപ്പിനെ ബന്ധപ്പെടുത്തി പ്രത്യേക സംവിധാനം രൂപീകരിച്ച് കരുതൽ മേഖല വിഷയത്തിൽ നിരന്തര ഇടപെടൽ നടത്തിയതും കേരളത്തിന് അനുഗ്രഹമായി. ജനങ്ങളുടെയും കർഷകരുടെയും ദൈനംദിന ജീവിതത്തെ ബുദ്ധിമുട്ടിക്കാനായിരുന്നില്ല 3.6.2022 ലെ വിധിയിലൂടെ സുപ്രീംകോടതി ഉദ്ദേശിച്ചതെന്ന് 26.4.2023 ലെ വിധിയിൽ സുപ്രീംകോടതി രേഖപ്പെടുത്തിയതും ജനങ്ങൾക്ക് അനുഗ്രഹമായി. ഈ വിഷയത്തിൽ കർഷകരടക്കമുള്ള ജനങ്ങളുടെ നിയമപോരാട്ടങ്ങൾക്ക് തുടർ അനുമതി നൽകിയത് ജനങ്ങൾക്ക് ശക്തിപകരുന്നു.

കേരളത്തിലെ 51 നിയമസഭാ മണ്ഡലങ്ങളും 223 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വനാതിർത്തി പങ്കിടുന്നുണ്ടെന്ന കാര്യം ആരും മറക്കരുത്. ചുരുക്കത്തിൽ 51 നിയമസഭാ സാമാജികരുടെയും ഒരു പഞ്ചായത്തിൽ 15 അംഗങ്ങൾ എന്നെടുത്താലും 3345 പഞ്ചായത്ത് അംഗങ്ങളെയും നേരിട്ട് ബാധിക്കുന്ന പ്രശ്നമാണ് കരുതൽമേഖല അടക്കമുള്ള വനവിഷയങ്ങൾ എന്ന കാര്യം ആരും മറക്കരുത്. വനാതിർത്തിയിൽ താമസിക്കുന്ന കർഷകരും സാധാരണക്കാരും വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികജാതി/പട്ടികവർക്ഷ/മുതുവാൻ വിഭാഗത്തിൽപെട്ടവരും ഒക്കെ ഇക്കാര്യങ്ങൾ ഏറെ ഗൗരവത്തോടെ ജനപ്രതിനിധികളുടെ മുമ്പിൽ ഉന്നയിക്കണം.

---

ബഫർ സോൺ കൈപ്പുസ്തക എഡിറ്റോറിയൽ ബോർഡ്

1. ശ്രീ. ജെയിംസ് വടക്കൻ 9497340829
2. ശ്രീ. ജോയി കണ്ണംചിറ 9447125624
3. ഡോ. മാനുവൽ തോമസ് 8086384319
4. അഡ്വ. കെ. വി. ബിജു 9871368252
5. അഡ്വ. ബിനോയി തോമസ് 7907881125
6. ഡോ. അജ്ജു ലിസ് കുര്യൻ 9746077148

*Address of the Publisher:*
Chairman, Save Western Ghats People Foundation (SWGPF)
Admn. Office : KP 6/399, Vadakkan Buildings,
Mundankal P.O., Pala - 686 575. Kottayam Dist., Kerala
Printed at St. Alphonsa Offset Press Pala dated 10.05.2023

# 26.04.2023 ലെ സുപ്രീംകോടതി വിധിന്യായം

REPORTABLE

IN THE SUPREME COURT OF INDIA CIVIL ORIGINAL JURISDICTION

I.A. NOS. 131377, 147102, 195467, 195468, 205092 OF 2022,
I.A. NOS. 162283 AND 162284 OF 2022 IN
I.A. D. NO. 125746 OF 2022 WITH
I.A. NOS. 118604, 118606, 119400, 119401, 119404, 137132, 137138, 137140 AND 137143 OF 2022
I.A. NOS. 5764, 6804 AND 10911 OF 2023

IN THE MATTER OF: WRIT PETITION (CIVIL) NO. 202 OF 1995 IN RE: T.N. GODAVARMAN THIRUMULPAD ...PETITIONER(S)

VERSUS

UNION OF INDIA AND OTHERS ... RESPONDENT(S)

**JUDGMENT**

SWGPF

B.R. GAVAI, J.

I.A. NO. 131377 OF 2022:

**1.** The present I.A. is filed by the Union of India praying for modification/clarification of the order passed by this Court dated 3rd June 2022[1] in I.A. No. 1000 of 2003 in WP(C) No. 202 of 1995. **(2022) 10 SCC 544**

**2.** The applicant specifically seeks modification of the directions contained in paragraphs 56.1 and 56.5 of the order dated June 2022 (supra). The said paragraphs are reproduced hereinbelow:

> "**56.1.** Each protected forest, that is, national park or wildlife sanctuary must have an ESZ of minimum one kilometre measured from the demarcated boundary of such protected forest in which the activities proscribed and prescribed in the Guidelines of 9-2-2011 shall be strictly adhered to. For Jamua Ramgarh Wildlife Sanctuary, it shall be 500 m so far as subsisting activities are concerned.
>
> ……….
>
> **56.5.** In the event any activity is already being undertaken within the one kilometre or extended buffer zone (ESZ), as the case may be, of any wildlife sanctuary or national park which does not come within the ambit of prohibited activities as per the 9-2-2011 Guidelines, such activities may continue with permission of the Principal Chief Conservator of Forests of each State or Union Territory and the person responsible for such activities in such a situation shall obtain necessary permission within a period of six months. Such permission shall be given once the Principal Chief Conservator of Forests is satisfied that the activities concerned do not come within the prohibited list and were continuing prior to passing of this order in a legitimate manner. No new permanent structure shall be permitted to come up for whatsoever purpose within the ESZ."

**3.** The clarification/modification of paragraph 56.1 of the order dated 3rd June 2022 (supra) is sought to the extent that the Eco-Sensitive Zones (for short, "ESZs") which have already been notified (final and draft) by the Ministry of Environment

Forests and Climate Change (for short, "MoEF & CC") or the proposals for which have been received in the Ministry be exempted from the directions therein. The applicant also sought modification to the extent that paragraph 56.1 of the order dated 3rd June 2022 (supra) may not be made applicable where National Parks and Wildlife Sanctuaries are located along inter-State boundaries and/or common boundaries. Modification/clarification of the directions in paragraph 56.5 of the order dated 3rd June 2022 (supra) in its entirety is additionally sought.

**4.** We have heard Ms. Aishwarya Bhati, learned Additional Solicitor General (for short, "ASG") appearing on behalf of the applicant, Shri K. Parameshwar, learned *amicus curiae* as well as Senior Counsel appearing on behalf of various State Governments.

**5.** It is submitted that the Government of India has already issued Guidelines on 9th February 2011 (hereinafter referred to as the "said Guidelines") for declaration of ESZs around National Parks and Wildlife Sanctuaries. The said Guidelines were framed after consulting the National Board for Wildlife (hereinafter referred to as "NBWL"), and all the State and Union Territory Governments. The said Guidelines provide a detailed procedure for submitting a proposal for declaration of the areas around National Parks and Wildlife Sanctuaries as ESZs. It is further submitted that the said Guidelines itself contain various activities which have been categorized as prohibited, regulated and permitted.

**6.** It is further submitted that the direction as contained in paragraph 56.5 of the order dated 3rd June 2022 (supra) is likely to cause great hardship to the citizens residing in the ESZs. It is further submitted that the said directions provide that if any activity is already being undertaken within one kilometre or extended buffer zone (ESZ), and which does not come within the ambit of prohibited activities as per the said Guidelines, such activities may continue with the permission of the Principal Chief Conservator of Forests (for short, "PCCF") of each State or Union Territory and the person responsible for such activities in such a situation shall obtain necessary permission within a period of six months. The said Guidelines further provide that such permission shall be given once the PCCF is satisfied that the activities concerned do not come within the prohibited list and were continuing prior to passing of this Court's order dated 3rd June 2022 (supra) in a legitimate manner. It is further submitted that the direction that no new permanent structure shall be permitted to come up for whatsoever purpose within the ESZs would also cause great hardship.

**7.** It is further submitted that insofar as the direction in paragraph 56.1 of the order dated 3rd June 2022 (supra) is concerned, it mandates that each protected forest, that is, National Park or Wildlife Sanctuary, must have an ESZ of minimum one kilometre measured from the demarcated boundary of such protected forest in which the activities proscribed and prescribed in the said Guidelines shall be strictly adhered to. Insofar as Jamua Ramgarh Wildlife Sanctuary is concerned, it is directed that the ESZ shall be 500 meters so far as subsisting activities are concerned.

**8.** The learned ASG, *amicus curiae* and Senior Counsel appearing on behalf of various States submitted that in respect of various National Parks and Wildlife Sanctuaries, already final notifications had been issued, prescribing the boundaries for the ESZs. In some cases, the draft notifications are pending and in some other cases, the proposals for issuance of draft and final notifications are pending with the Government of India.

**9.** It is submitted that there cannot be a uniform boundary for all the National Parks and Wildlife Sanctuaries. It is further submitted that there cannot also be a uniform

SWGPF

boundary for a particular National Park or Wildlife Sanctuary. At times, it may be longer on one side and shorter on the other side depending on various circumstances.

**10.** It is submitted that the rights of the citizens who are residing in the Protected Areas are settled under the provisions of Sections 18 to 25A of the Wild Life (Protection) Act, 1972 (hereinafter referred to as "1972 Act") whereas there is no settlement of rights of citizens residing in ESZs. The citizens therein continue to reside and are also continuing with their daily avocation like farming etc. It is submitted that various developmental activities like construction of schools, dispensaries, anganwadis, public health centres etc. are required to be undertaken in such areas. Not only that, but if the direction not to make any construction is continued, the persons residing therein would not be in a position to construct or reconstruct houses on their own land. It is submitted that the procedure prescribed for obtaining the permission of the PCCF is very tedious. If such a direction is issued, the PCCF would be left with no other work but to consider the applications for continuation of such activities.

**11.** It is further submitted that though this Court has observed in paragraph 54 of the order dated 3rd June 2022 (supra) that the said Guidelines are reasonable, it has nevertheless issued directions which are in conflict with the said Guidelines.

**12.** It is further contended that the issue in I.A. No. 1000 of 2003 was restricted to prohibition of mining activities in and around Jamua Ramgarh Wildlife Sanctuary and prescribing ESZs for the said Wildlife Sanctuary only. As such, various State Governments did not have an opportunity to address this Court.

**13.** Having considered the rival submissions, we find it appropriate to refer to various orders passed by this Court on the issue of ESZs/Buffer Zones.

**14.** The first of such orders was passed by this Court on 16th September 2005[2].(**2006) 5 SCC 25** It will be relevant to refer to paragraph 13 of the said order, which reads thus:

> "**13.** We have perused the affidavit dated 14-9-2005 filed by Mr Anurag Bajpai on behalf of MoEF and the statement showing the grant of temporary working permit in the last two years i.e. from 1-1-2003 to 31-12-2004 in the national parks, sanctuaries and forest area. This is despite the order passed by this Court restraining the mining activities in these areas. Learned amicus curiae submits that the inspection of the government record shows a dismal picture and he would shortly file an application for taking appropriate action against the persons concerned. Pending filing of the said application and further orders, we again reiterate that without compliance with the environmental laws, in particular the permission under the Forest (Conservation) Act, 1980, no temporary working permission or temporary permit or any other permission by whatever name called shall be granted for mining activities in the aforesaid areas. ***We further direct that no mining activity would continue under any temporary working permit or permission which may have been granted. It appears from the chart filed with the affidavit of Mr Anurag Bajpai that no temporary working permission is in operation as of today. If it is otherwise, an affidavit to that effect shall be filed within two weeks giving the particulars of such permission.***" [emphasis supplied]

**15.** It can thus clearly be seen that this Court directed that no mining activity would be permitted to continue under any temporary working permit or permission which may have been granted.

**16.** It will further be relevant to refer paragraph 15 of the said order, which reads thus:

"**15.** MoEF is directed to place on record within three weeks its viewpoint on the question of area of buffer zone and other related matters such as should it be universal or place specific. This should be done after also obtaining the viewpoint of the National Board of Wildlife."

**17.** It can thus be seen from the said paragraph that this Court directed MoEF to place on record within three weeks its viewpoint on the question of area of buffer zone and other related matters such as should it be universal or place specific. The Court further directed that this should be done after obtaining the viewpoint of the NBWL.

**18.** The second of such orders is passed on August 2006[3] **(2010) 13 SCC 740**. The said order basically pertains to banning the mining activities in the National Parks, Sanctuaries and forest areas. The Court laid down various pre-conditions wherein temporary working permits could be granted.

**19.** The next order is passed on $4^{th}$ December 2006 **(2011) 15 SCC 791**. In the said order, the Court expressed its anguish towards the various State Governments for not responding to the letter issued by MoEF dated $27^{th}$ May 2005 requiring them to initiate measures for identification of suitable areas and submit detailed proposals at the earliest. It will be relevant

